മാധ്യമം ● ഞായർ ● 01 മേയ് 2016 ● ലക്കം 1461
വാരാദ്യ മാധ്യമം
varadyam@madhyamam.in



ആർട്ടിസ്റ്റ് വിനോദ് ഭാര്യ ഷീബക്കും മകൾ ആദിത്യക്കുമൊപ്പം ചുമരെഴുത്തിൽ

# ഒരു അസംഘടിത തൊഴിലാളിയുടെ ‘എഴുത്ത്’ ജീവിതം

**ശാരീരിക വൈകല്യത്തിൻെറ പേരിൽ 15 വർഷം വീട്ടിനകത്ത് കഴിഞ്ഞ, സ്കൂളിൽ പോകാൻ അവസരം ലഭിച്ചിട്ടില്ലാത്ത ഒരാളുടെ കർമലോകം. തൊഴിൽ എന്നത് കൃത്യമായ വേതനമില്ലായ്മയുടെയും പ്രയാസങ്ങളുടെയും അളവുകോലായി മാറുന്നുവെന്ന അടയാളപ്പെടുത്തലുകൾ. ഇത് ഒരു സാധാരണക്കാരൻെറ അസാധാരണമായ നാൾവഴികളാണ്.**

**പ്രദീപ്കുമാർ**

ചിത്രങ്ങൾ: അജീബ് കൊമാച്ചി

അടുത്തിടെ വടകരയിൽ നിന്ന് കൊയിലാണ്ടിയിലേക്കുള്ള യാത്രക്കിടയിലാണ് അത് കണ്ടത്. നാലഞ്ചുപേർ താങ്ങിപ്പിടിച്ചിരിക്കുന്ന ഒരാൾ മതിലിൽ വരക്കുന്നു. ഒരു സ്ത്രീ തൊട്ടടുത്തുനിന്ന് എഴുതുന്നു. അടുത്തായി ചെറിയ ആൾക്കൂട്ടം. കൗതുകം തോന്നിയതിനാൽ ഞങ്ങൾ കാർ നിർത്തി കാര്യം ചോദിച്ചപ്പോൾ ഒരാളുടെ മറുപടി.

‘ആർട്ടിസ്റ്റ് വിനോദേട്ടനും ഭാര്യയുമാണത്. ‘റാഞ്ചാൻ’ നിൽക്കുന്ന പാർട്ടിക്കാരാണ് ചുറ്റുമുള്ളത്’ കാലുകൾ തളർന്നുപോയ ഈ മനുഷ്യൻ തെരഞ്ഞെടുപ്പു കാലത്ത് കൊയിലാണ്ടി താലൂക്കിലെ ഹീറോയാണെന്നും മതിലുകളും ചുമരുകളും ഇദ്ദേഹത്തെ കൊണ്ട് എഴുതിക്കാൻ ഈ പ്രദേശത്ത് മത്സരമാണെന്നും ചുറ്റും നിൽക്കുന്നവർ വ്യക്തമാക്കി.

•••

ആർട്ടിസ്റ്റ് വിനോദ് സി.പി.എമ്മുകാരനാണ്. പക്ഷേ, മറ്റു പാർട്ടിക്കാർക്കും എഴുതും. ഫ്ലക്സുകൾക്കെതിരായ സമരമുഖം കൂടിയാണ് വിനോദിൻെറ ജീവിതം. ചുമരും ബോർഡുകളും എഴുതി ജീവിക്കുന്ന തൊഴിലാളികളുടെ ജീവിതത്തിൽ ഫ്ലക്സുകൾ സൃഷ്ടിച്ച പ്രതിസന്ധി വലുതായിരുന്നു. അതിനാൽ, പഴയകാല ആർട്ടിസ്റ്റുകളിൽ ബഹുഭൂരിപക്ഷവും ഫ്ലക്സ് വ്യാപനത്തിനിടയിൽ അതിൻെറ പ്രചാരകരായി. ഫ്ലക്സ് വർക്കുകളുടെ ഓർഡർ വരുമ്പോൾ, അതാത് പ്രസുകളിലേക്ക് എത്തിച്ചാൽ മതി. നല്ല ലാഭം ലഭിക്കും. ഡിസൈനിങ് അവർ ചെയ്ത് പ്രിൻറിങ് നടത്തിത്തരും. നമ്മൾ ഒന്നുമറിയണ്ട. എന്നാൽ, ഫ്ലക്സ് ഓർഡറുകൾ വരുമ്പോൾ ആർട്ടിസ്റ്റ് വിനോദ് വിമുഖത കാണിക്കും. ആ പണംവേണ്ടായെന്നാണ് നിലപാട്. പരിസ്ഥിതി നാശത്തിൻെറ പേരിലാണത്. പ്രകൃതിയെ അത്രമാത്രം സ്നേഹിക്കുന്ന ആളാണ് അദ്ദേഹം.

•••

ഒരിക്കൽ ടൗണിലെ കെട്ടിടത്തിൻെറ രണ്ടാം നിലയുടെ ചുമരിൽ എഴുതണം. പ്രവർത്തകർ മുളകൊണ്ടുള്ള തട്ടുകളുണ്ടാക്കി വടംകെട്ടി ഇരിപ്പിടം തയാറാക്കി . ഇരിപ്പിടത്തിന് 100 ശതമാനം ഗാരൻറി എന്നായിരുന്നു ഉറപ്പ് . എഴുത്തിനിടെ എങ്കിലും ഇടക്ക് ഒന്നു തെന്നി. താഴേക്ക് നോക്കിയപ്പോൾ തല കറങ്ങുന്നു. എല്ലാം തീർന്നെന്നുതന്നെ തോന്നി. പക്ഷേ എവിടെയോ കൈതടഞ്ഞു. ഭാഗ്യത്തിന് പിടികിട്ടിയതിനാൽ രക്ഷപ്പെട്ടു. അന്ന് സാഹസികരീതിയിലുള്ള എഴുത്തുകൾ നിർത്തിയതാണ്. പക്ഷേ പാർട്ടിക്കാരുടെ ആവിശ്യവും നിർബന്ധവും കാണുമ്പോൾ ഒരുതരം ആവേശം വരും. ടൗണുകളിൽ ഉയർന്ന കെട്ടിടങ്ങളുടെ ചുമരുകളിൽ എഴുതുമ്പോൾ പാമ്പുകടിയേൽക്കാതെ രക്ഷപ്പെട്ട നിരവധി സന്ദർഭങ്ങളും ഉണ്ടായി. വലിയ പ്രതിഫലമൊന്നും പലപ്പോഴും കിട്ടാറില്ല. അത് പ്രതീക്ഷിക്കുന്നുമില്ല.

ഈ പ്രവർത്തകന്മാരിൽ പലരും നമ്മളെപ്പോലെ ഒക്കെയുള്ള പട്ടിണിക്കാരാണ്. എന്നാൽ, ഇപ്പോൾ അങ്ങനെയൊന്നുമല്ല. എല്ലാം മാറുന്നുണ്ട്. ഒരിക്കൽ എനിക്ക് ഏറെ വിഷമമുണ്ടായ അനുഭവമുണ്ട്. കുറെ വർഷങ്ങൾക്കു മുമ്പുള്ള സംഭവമാണ്. എനിക്ക് ഏറെ ആരാധനയുള്ള ഒരാൾ സ്ഥാനാർഥിയായി. അയാൾക്കു വേണ്ടി സ്വന്തം കാശു കൊണ്ട് പലയിടത്തും ഞാൻ ചുമരെഴുതി. അത് അദ്ദേഹവും അറിഞ്ഞതായി ആരൊക്കെയോ പറഞ്ഞറിഞ്ഞു. അദ്ദേഹം ജയിച്ചു കഴിഞ്ഞശേഷം സ്വീകരണച്ചടങ്ങിൽ പങ്കെടുക്കാൻ ഞാൻ ഓട്ടോ പിടിച്ച് ചെന്നു. ഓട്ടോയിൽ നിന്നും ഇഴഞ്ഞിഴഞ്ഞ് പുറത്തേക്ക് ഇറങ്ങിയപ്പോൾ പ്രവർത്തകരൊക്കെ എന്നെ സഹായിക്കാൻ ഓടിവന്നു.



വിനോദ് തൻെറ മുച്ചക്രവാഹനത്തിൽ ഇന്ധനം നിറക്കുന്നു

ജയിച്ച ആളും എന്നെ നേരിൽ കണ്ടു. എന്നാൽ ശ്രദ്ധിക്കാത്ത മട്ട് കാണിച്ചു. സങ്കടം തോന്നിയെങ്കിലും അത് അവിടെത്തന്നെ ഉപേക്ഷിച്ച് ഞാൻ വീട്ടിലേക്ക് പോയി -വിനോദ് ഓർത്തെടുത്തു.

•••

10 വർഷം മുമ്പ് നടന്ന പഞ്ചായത്ത് ഇലക്ഷനിൽ പാർട്ടിക്കാർ വിനോദിനെ കിട്ടാനായി മത്സരമായി. അവർ അതിൻെറ പേരിൽ തല്ലുണ്ടാക്കും എന്നായപ്പോൾ അദ്ദേഹം തന്നെ സമവായം വെച്ചു. ഒരു ദിവസം ഒരു പാർട്ടിക്ക് രണ്ടുമണിക്കൂർ.

പക്ഷേ സി.പി. എം, കോൺഗ്രസ്, ബി.ജെ.പി പ്രാദേശിക നേതൃത്വങ്ങൾ ഒക്കെ ഇദ്ദേഹത്തെ മുൻകൂർ ബുക് ചെയ്ത് കാത്തിരിക്കുകയാണ്. ചുമരുകളെ ജീവൻ വെപ്പിക്കുന്ന എഴുത്താണ് ചങ്ങായീടേത് എന്നാണ് കൊയിലാണ്ടി, വടകര ഭാഗങ്ങളിലുള്ള പാർട്ടിക്കാരെല്ലാം പറയുന്നത്. മിന്നൽവേഗത്തിൽ പറഞ്ഞ ജോലി ചെയ്ത് പോവുകയും ചെയ്യും. സ്കൂട്ടറിൻെറ മുകളിലോ മേശമേലോ ഇരുന്ന് ചുമരുകളിൽ ഔട്ട്ലൈൻ ഇട്ടുകൊടുത്താൽ പെയിൻറ് നിറച്ച് അക്ഷരങ്ങളെ പൂർണമാക്കുന്നത് ഭാര്യ ഷീബയാണ് ഈ തെരഞ്ഞെടുപ്പ് നാളുകളിൽ.

•••

അമ്മ ഭാരതി അഞ്ചാമതായാണ് വിനോദിനെ പെറ്റത്. രണ്ടു കാലും പാടെ വളർച്ച മുരടിച്ചുപോയ കുഞ്ഞിനെ കണ്ടപ്പോഴേ വീട്ടുകാരുടെ മുഖം മ്ലാനമായത്രെ. ആറുമാസം കഴിഞ്ഞപ്പോൾ അച്ഛൻ കുഞ്ഞിക്കേളപ്പൻ മരിച്ചു. അതോടുകൂടി ഭാഗ്യം കെട്ട കുട്ടിയെന്നായി അവൻെറ വിളിപ്പേര്. എങ്കിലും, പെറ്റമ്മ അവനെ ചേർത്തുപിടിച്ച് താലോലിക്കും. സുഖമില്ലാത്ത കുട്ടി എന്നുപറഞ്ഞ് അവർ അവൻെറ തലയിൽ കണ്ണീരോടെ ചുംബിച്ച് പ്രാർഥിക്കും. കൂടപ്പിറപ്പുകളും അയലത്തെ കുട്ടികളും ദൂരെ കുന്നുംപുറത്തുള്ള സ്കൂളിൽ പോയിത്തുടങ്ങിയപ്പോഴും വിനോദ് മുറിക്കകത്തു തന്നെ കഴിഞ്ഞു. വിനോദിന് 15 വയസ്സായപ്പോൾ ഒരു നിയോഗം പോലെ അവനെ തേടിയെത്തുന്ന ഒരു സ്നേഹിതനുണ്ടായി. സുകുമാരൻ എന്നായിരുന്നു പേര്. ജന്മനാ ശാരീരിക വൈകല്യങ്ങൾ നേരിട്ട ഹെലൻകെല്ലറുടെ കഥ പാഠപുസ്കതത്തിലൂടെ അറിഞ്ഞിട്ടുള്ള ആ മുതിർന്ന കുട്ടിയെ തൻെറ അയലത്തുള്ള വിനോദിൻെറ ദുരവസ്ഥ വല്ലാതെ നോവിച്ചിരുന്നു. മിഠായിയും സാന്ത്വന സ്പർശവുമായി എത്തുന്ന സുകുമാരനിൽ നിന്നും വിനോദ് പുറംലോകത്തെക്കുറിച്ച് അറിഞ്ഞു. അവൻെറ ചുമലിലേറി വീട്ടുമുറ്റത്തേക്കും നാട്ടുകവലയിലേക്കും സഞ്ചരിച്ചു. കാഴ്ചകൾ കണ്ട് വിസ്മയിച്ചു. തിരിച്ചുവന്ന് അവൻ ചെയ്തത് തൻെറ വീട്ടുമുറിയ്ക്കകത്തെ നിലത്ത് കണ്ടതെല്ലാം കല്ലുകൊണ്ട് കോറിയിടുകയായിരുന്നു. അതെല്ലാം സുകുമാരന് കാട്ടിക്കൊടുത്തു. അതിശയിക്കുകയും ആഹ്ലാദിക്കുകയും ചെയ്ത ആ കൂട്ടുകാരൻ പിന്നെയൊരിക്കൽ വന്നപ്പോൾ കടലാസും പെൻസിലുകളും കരുതിയിരുന്നു. അങ്ങനെ അയാൾ വരച്ചുതുടങ്ങി. എന്നാൽ, പിന്നീട് സുകുമാരന് മറ്റെന്തോ ജോലി കിട്ടി പോയപ്പോൾ വിനോദിന് പുറംലോകവുമായുള്ള ബന്ധവും നഷ്ടമായി. എന്നാൽ പിന്തിരിയാൻ തയാറല്ലാതെ അവൻ പുറത്തേക്ക് ഇഴഞ്ഞുപോയി. കവലകളിലും നാട്ടുപാതകളിലും സഞ്ചരിച്ചു. വരച്ച ചിത്രങ്ങൾ മറ്റുള്ളവരെ കാണിച്ചു. അപ്പോഴാണ് ചുമരുകളിലും ബോർഡുകളിലും എഴുത്തുകാർക്കുള്ള ക്ഷാമത്തെ കുറിച്ച് അറിയുന്നത്. അവസരങ്ങളുണ്ടായി. പക്ഷേ, അക്ഷരങ്ങൾ എഴുതാൻ അറിയില്ല എന്നതായിരുന്നു വെല്ലുവിളി. അതൊന്നും പ്രതിസന്ധികളായി തോന്നിയില്ല. സ്വപ്രയത്നത്താൽ വിനോദ് എഴുതാൻ തുടങ്ങി. ചുമരുകളിലും വലിയ ബോർഡുകളിലും പരസ്യം എഴുതുമ്പോൾ ഉയരക്കുറവ് ഏറെ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടും പിന്മാറിയില്ല.

ചിത്രകാരൻ, പരസ്യബോർഡെഴുത്തുകാരൻ എന്നീ നിലകളിൽ പേരെടുത്ത വിനോദിന് ഗുരുനാഥൻ ഉണ്ടായില്ല എന്നതാണ് യാഥാർഥ്യം. ഇതിനിടെ അയാൾ കാർട്ടൂണിസ്റ്റുമായി മാറിയിരുന്നു.

നിരവധി കാർട്ടൂണുകൾ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചു. അതോടെ ജനം വിനോദിനെ അറിയാൻ തുടങ്ങി. എഴുന്നേറ്റ് നടക്കാൻ പോലും കഴിയാത്ത, അക്ഷരാഭ്യാസം ഇല്ലാതിരുന്ന ഒരുവൻെറ സ്വന്തം നിലകളിലെ പോരാട്ടങ്ങളും ‘ഭാഗ്യം കെട്ട കുട്ടി’ എന്ന വിളിപ്പേരിനെ മറികടക്കാൻ നടത്തിയ ശ്രമങ്ങളും നാട്ടുകാർ ആദരവോടെ കണ്ടു.

അമ്മ ഭാരതി, ഭാര്യ ഷീബ, മക്കളായ അനൂപ്, അനുശ്രീ, ആദിത്യ എന്നിവർക്കൊപ്പം കാപ്പാട് ബീച്ചിനടുത്താണ് വിനോദ് താമസിക്കുന്നത്. സ്വന്തമായി ആറു സെൻറ് സ്ഥലത്തിലുള്ള ചെറിയ വീട്ടിൽ. തനിക്ക് ഗുരുനാഥന്മാർ ഉണ്ടായിരുന്നില്ല എങ്കിലും അദ്ദേഹം ഭാര്യയുടെയും മക്കളുടെയും ചിത്രകലയിലെയും ബോർഡെഴുത്തിലെയും ഗുരുനാഥനാണ്. സകുടുംബമാണ് അദ്ദേഹത്തിൻെറ തൊഴിൽവേളകൾ.

ഇതിനിടയിൽ ഓയിൽ പെയിൻറിങ് രംഗത്തും അദ്ദേഹം കഴിവ് തെളിയിച്ചു. അത്തരം ചിത്രങ്ങൾ വരക്കാനായി ആളുകൾ തിരക്കി വരാൻ തുടങ്ങി. ആയിരക്കണക്കിന് ചിത്രങ്ങളാണ് അദ്ദേഹം വരച്ചുകൂട്ടിയതും. ആന്ധ്രപ്രദേശിൽ ജെമിനി സർക്കസിലെ ടെൻറ് മാസ്റ്ററായിരിക്കെ ടെൻറിലുണ്ടായ അഗ്നിബാധയിൽ മരിച്ച കേളപ്പൻെറ ചിത്രം ബന്ധുക്കൾ വിനോദിനെക്കൊണ്ടാണ് വരപ്പിച്ച് സൂക്ഷിക്കുന്നത്. അങ്ങനെ നിരവധി പേർ. ഇതിനിടയിൽ ഫോട്ടോകൾ ഇല്ലാതെ മരിച്ചുപോയ വ്യക്തികളെ പോലും ബന്ധുക്കൾ മുഖഭാവം പറഞ്ഞുകൊടുത്താൽ വിനോദ് വരച്ച് പൂർണതയോടെ നൽകുന്നു. ഇതൊക്കെ കാണുമ്പോൾ എല്ലാവരും ചോദിക്കാറുണ്ട് ‘ഇതൊക്കെ എങ്ങനെ കഴിയുന്നുവെന്ന്’. അപ്പോൾ മറുപടി ഇതാണ്; സുകുമാരൻ പറഞ്ഞാണ് ഹെലൻ കെല്ലറെ കുറിച്ചറിയുന്നത്. അവർക്ക് പലതും ചെയ്യാൻ കഴിഞ്ഞുവെങ്കിൽ എനിക്ക് കാലുകൾ മാത്രമല്ലേ ഇല്ലാത്തത്...’. ഹെലൻകെല്ലറുടെ ജീവിതവും നാൾവഴികളും വിനോദ് ഏറെ വായിച്ചറിഞ്ഞിട്ടുണ്ട്.

**പഞ്ചായത്ത് ഇലക്ഷനിൽ പാർട്ടിക്കാർ വിനോദിനെ കിട്ടാനായി മത്സരമായി. അവർ അതിൻെറ പേരിൽ തല്ലുണ്ടാക്കും എന്നായപ്പോൾ അദ്ദേഹം തന്നെ സമവായം വെച്ചു. ഒരു ദിവസം ഒരു പാർട്ടിക്ക് രണ്ടുമണിക്കൂർ...**

•••

തെരഞ്ഞെടുപ്പ് കാലം കഴിഞ്ഞാലും ജോലിക്ക് കുറവില്ല. പല ഭാഷകളിലും ഇപ്പോൾ ബോർഡുകൾ എഴുതാറുണ്ട്. അറബിയിലും തമിഴിലും സംസ്കൃതത്തിലും ഒക്കെ പരസ്യങ്ങൾ എഴുതിക്കൊടുക്കുന്നു. ആ അക്ഷരമാലകളും ഇതിനായി പഠിച്ചു.

ഞാൻ സന്തോഷവാനാണ്, വിനോദ് പറയുന്നു. കഥ എഴുത്തും കാർട്ടൂൺ വരയും ഒക്കെ കാര്യമായി നടക്കുന്നുമുണ്ട്. ഇതിനിടയിൽ വായനയും നടക്കുന്നുണ്ട്. ചരിത്രവും യാത്രാവിവരണങ്ങളും ഒക്കെയാണ് വായിക്കുന്നതും.

ഫാഷിസം ഉറഞ്ഞുതുള്ളുന്ന ഒരു സമൂഹത്തിൽ അതിനെതിരായ ചെറുത്തുനിൽപ്പുകൾ സമൂഹത്തിൻെറ അടിത്തട്ടിൽ നിന്നും ഉണ്ടാകണമെന്നാണ് വിനോദിൻെറ അഭിപ്രായം. ഈ മേയ്ദിനത്തിൽ അത്തരം നിലപാടുകളും പ്രതിജ്ഞകളും കൂടുതൽ ദൃഢമാകണം. അതുമാത്രമല്ല, സാമൂഹിക അസമത്വങ്ങൾ മറികടക്കാൻ മേയ്ദിനത്തിലും തെരഞ്ഞെടുപ്പ് പ്രകടന പത്രികകളിലും കാര്യമായ ശ്രമം വേണം. എന്നെപ്പോലുള്ള നിരവധി തൊഴിലാളികൾ അനുഭവിക്കുന്ന ഇല്ലായ്മകൾ വിലയിരുത്താൻ എന്തുകൊണ്ടോ ഭരണം ഏറ്റെടുക്കുന്നവർ ശ്രദ്ധിക്കുന്നില്ല. ഞാൻ പലപ്പോഴും ഗവ. സർവിസിലെ വിവിധ സംഘടനകളുടെ അവകാശ, പ്രതിഷേധ മുന്നറിയിപ്പുകളുള്ള ധാരാളം ബോർഡുകൾ എഴുതിക്കൊടുക്കാറുണ്ട്. അപ്പോൾ ചിരി വരും. കൂടുതൽ കൂടുതൽ ആനുകൂല്യങ്ങൾക്കായി മുറവിളി നടത്തുന്നവരും അവർക്ക് ആശ്വാസം ചൊരിയുന്നവരും ഞങ്ങളെപ്പോലെയുള്ളവരെ കണ്ണ് തുറന്ന് കാണണം.

കൃത്യമായ ശമ്പളം ലഭിക്കാത്തവർ, ക്ഷേമ പദ്ധതികൾ ലഭിക്കാത്തവർ, എന്നാൽ ജോലിയിൽ ഒരു കൃത്യവിലോപവും കാട്ടാത്തവർ. അതെ, ഞങ്ങളെ പോലുള്ള പതിനായിരങ്ങൾ പട്ടിണിയും പരിവട്ടവും അസംതൃപ്തിയുമായി കഴിയുകയാണ്. ഈ സങ്കടം കൂടി കേൾക്കുന്ന കാലത്തുമാത്രമേ തൊഴിലാളി ദിനങ്ങളും ജനാധിപത്യ വികാസങ്ങളും യഥാർഥ പരിണാമത്തിലെത്തുകയുള്ളൂ എന്ന് കൂടി പറഞ്ഞുകൊള്ളട്ടെ -വിനോദ് ചൂണ്ടിക്കാട്ടുന്നു.

•••

അടുത്തിടെ കൊയിലാണ്ടിയിൽ കുട്ടികളുടെ ചിത്രപ്രദർശനം നടന്നപ്പോൾ അതിൻെറ ഉദ്ഘാടകനായതും ഇദ്ദേഹമായിരുന്നു. ഇനിയൊരു സ്വപ്നമുണ്ട്. സ്വന്തം ജീവിതത്തിൻെറ വിവിധ ഘട്ടങ്ങൾ സ്വന്തമായി വരച്ച് ഒരു ചിത്രപ്രദർശനം നടത്തണം. ഇരുട്ടുമുറിയിലെ 15 വർഷങ്ങളും അമ്മയുടെ കാരുണ്യവും ആത്മമിത്രം സുകുമാരൻെറ സാന്ത്വനവും ഭാര്യയും മക്കളും ഒക്കെ ചിത്രങ്ങളായി വരണം. അത് നടക്കുമോ എന്നറിയില്ല. കാശും കുറെ വേണ്ടിവരും. എന്തായാലും വരക്കണം. പിന്നെ തൻെറ ജീവിതത്തിൽ ഒരുപാട് പ്രോത്സാഹനം ചെയ്ത സുകുമാരൻ ഇന്ന് ജീവിച്ചിരിപ്പില്ല. ഒരുപക്ഷേ തൻെറ ചിത്രങ്ങളും ജീവിതവും അദ്ദേഹത്തിനുള്ള സ്മാരകങ്ങൾ എന്നുതന്നെ പറയാം -വിനോദ് സംസാരം അവസാനിപ്പിച്ചു.

●




02 തുന്നിനേടിയത് ജീവിതവും പുരസ്കാരവും
04 ടോംസിൻെറ ബോബനും മോളിയും പിന്നെ മലയാളിയും

സാമൂഹികം

തലൂക്കര എ.കെ.ജി വായനശാലയുടെ പൊള്ളിയടർന്ന ചുവരുകൾക്കുള്ളിൽ പുതുതായെത്തിയ പുസ്തകങ്ങൾ ഒരു പ്രതിരോധവും പ്രക്ഷോഭവുമാണ്. നവമാധ്യമങ്ങളെ മുൻനിർത്തി അക്ഷരസ്നേഹികളെയും സഹൃദയരെയും അണിനിരത്തി ഒരുകൂട്ടം ചെറുപ്പക്കാർ കാണിച്ചുതന്നത് അതാണ്

# അഗ്നിയെ തോൽപിച്ച പുസ്തകങ്ങൾ



തലൂക്കര വായനശാലയിലെ പുസ്തകങ്ങൾ

**ശരത്ലാൽ തയ്യൽ**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ തലൂക്കര എന്ന പ്രദേശത്തെ എ.കെ.ജി സ്മാരക വായനശാല മാർച്ച് 22ന് ചൊവ്വാഴ്ച പുലർച്ചെ രണ്ടോടെ ഒരുകൂട്ടം സാമൂഹികവിരുദ്ധർ തീയിട്ട് നശിപ്പിച്ചു. അക്ഷരങ്ങൾക്ക് അഗ്നി പകർന്ന പുസ്തകത്താളുകൾ നിമിഷങ്ങൾക്കുള്ളിൽ ഒന്നോടെ കത്തിച്ചാമ്പലായി. വായനശാലയിൽ പതിവായി സംഘടിപ്പിച്ചുവരുന്ന മെഹ്ഫിൽ സദസ്സുകളുടെ സംഗീതോപകരണങ്ങളും മറ്റു രേഖകളുമെല്ലാം തീയിലെരിഞ്ഞു. ഒരു നാടിൻെറ സാംസ്കാരിക സ്രോതസ്സായി നിലകൊണ്ട വായനശാല ഒരുപിടി ചാരമായി അവശേഷിച്ചു.

ഒരു മാസത്തിനുശേഷം ഏപ്രിൽ 17 ഞായറാഴ്ച. തലൂക്കര വായനശാലയുടെ കരിപിടിച്ച കൽത്തൂണുകളുടെ മുറ്റത്തേക്ക് ഒരു പുസ്തകവണ്ടിയത്തെി. വണ്ടിയിൽ നിറയെ പുസ്തകങ്ങൾ. ഒന്നിനുപിറകെ ഒന്നായി വണ്ടികളെത്തി. നിറയെ പുസ്തകങ്ങൾ. നാടിൻെറ നാനാഭാഗത്തുനിന്നും ആളുകളെത്തി; കൈയിൽ കരുതിയ പുസ്തകങ്ങളുമായി. കത്തിയെരിഞ്ഞ പുസ്തകങ്ങളുടെ ചാരം മായാത്ത വായനശാലാ മുറി പുസ്തകങ്ങളാൽ നിറഞ്ഞു. നിറയെ പുസ്തകങ്ങൾ. അങ്ങനെ ഒരു നാടും നാട്ടുകാരും പ്രഖ്യാപിച്ചു; ഞങ്ങളുടെ പാട്ടുകൾക്ക് നിങ്ങളുടെ ഇരുട്ടിനെക്കാൾ വെളിച്ചമാണെന്ന്.

തവനൂർ, തിരൂർ നിയമസഭാ മണ്ഡലങ്ങളുടെ അതിർത്തി പങ്കിടുന്ന ഗ്രാമമാണ് തലൂക്കര. തലക്കാട്, തൃപ്പങ്ങോട്, മംഗലം പഞ്ചായത്തുകൾ ഒന്നിച്ചുചേരുന്ന മേഖല. ജനാധിപത്യ-മതേതരത്വ മൂല്യവും അതിൻെറ രാഷ്ട്രീയവും ഉയർത്തിപ്പിടിക്കുന്ന ജനത. 1974ലെ ചെറിയ പെരുന്നാൾ ദിനത്തിൽ തലൂക്കരയിൽ ഒരു സംഗീതപരിപാടി സംഘടിപ്പിക്കപ്പെട്ടു. ഇതിൻെറ തുടർച്ചയായി പ്രദേശത്തെ ചെറുപ്പക്കാർ ചേർന്ന് ഒരു കലാവേദിയുണ്ടാക്കി. അത് പിന്നീട് ഗ്രാമത്തിൻെറ സാംസ്കാരിക കൂട്ടായ്മയായി രൂപാന്തരപ്പെട്ടു. വായനശാലയുണ്ടായി. കമ്യൂണിസ്റ്റ് നേതാവ് എ.കെ.ജിയുടെ മരണശേഷം കൂട്ടായ്മക്ക് എ.കെ.ജി കലാവേദി എന്ന പേര് നൽകി. നാടകവും പാട്ടും കവിതകളുമായി കലാവേദി തലൂക്കരയുടെ സാംസ്കാരിക മുഖമായി മാറി. കെ.ടി. മുഹമ്മദിൻെറ പല നാടകങ്ങൾക്കു പിന്നിലും കലാവേദി പ്രവർത്തകരുണ്ടായിരുന്നു. നിലമ്പൂർ ആയിഷ അടക്കമുള്ളവരുടെ വളർച്ചയിലും വലിയ പങ്കുവഹിച്ചു. അടിയന്തരാവസ്ഥയുടെ കത്തുന്ന ദിനങ്ങളിലും പൂഴിക്കുന്ന് പ്ലൈവുഡ് കമ്പനിയിലെ തൊഴിലാളി പ്രക്ഷോഭത്തിലുമെല്ലാം കലാവേദി സമരമുന്നണിയായി. കലാവേദിയോടൊപ്പം വളർന്ന തലൂക്കരയുടെ സാംസ്കാരിക- മതേതരത്വ പാരമ്പര്യത്തെയാണ് വായനശാല കത്തിക്കാൻ നേതൃത്വം നൽകിയ ഫാഷിസ്റ്റ് ശക്തികൾ ഭയന്നത്. പുസ്തകങ്ങൾ കത്തിക്കുകയായിരുന്നില്ല, ഒരു നാടിൻെറ ചരിത്രത്തെയും അതിൽനിന്നുണ്ടായ നവോത്ഥാന മൂല്യങ്ങളെയും ഇല്ലായ്മ ചെയ്ത് തങ്ങൾക്ക് വളരാൻ കളമൊരുക്കുകയായിരുന്നു ലക്ഷ്യം. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ ഫാഷിസ്റ്റുകൾ ആവിഷ്കരിക്കുന്ന കലാപങ്ങളുടെയും കൊള്ളിവെപ്പുകളുടെയും മറ്റൊരു പതിപ്പ് ഇവിടെയും അരങ്ങേറി.

> തെക്കൻ കേരളത്തിൽനിന്ന് നാലും വടക്കുനിന്ന് മൂന്നും മലപ്പുറത്തുനിന്ന് ഒന്നും ഉൾപ്പെടെ ആകെ എട്ട് വണ്ടികൾ നിറയെ പുസ്തകങ്ങളുമായി തലൂക്കരയിലേക്ക് യാത്രതിരിച്ചു.

## വായനശാലയിലേക്കെത്തിയ പുസ്തകവണ്ടികൾ

വായനശാല കത്തിച്ചതിനെതിരെ വലിയ രീതിയിലുള്ള പ്രതിഷേധമുയർന്നു. വായനശാല ഭാരവാഹികളും നാട്ടുകാരും ചേർന്ന് പുനരുദ്ധാരണ പദ്ധതികൾ തയാറാക്കി. സാമൂഹികമാധ്യമങ്ങളിലൂടെ ഒരു കൂട്ടം ചെറുപ്പക്കാരാണ് വായനശാലയിലേക്ക് പുസ്തകമെത്തിക്കുന്ന ചുമതല ഏറ്റെടുത്തത്. പുസ്തക ശേഖരണത്തിനായി ഇവർ ഫേസ്ബുക്കിൽ ഒരു ഗ്രൂപ് ഉണ്ടാക്കി പ്രചാരണം തുടങ്ങി. പ്രതീക്ഷിച്ചതിനെക്കാൾ വലിയ പ്രോത്സാഹനവും സ്വീകരണവുമാണ് സാമൂഹിക മാധ്യമങ്ങളിലൂടെ പുസ്തക ശേഖരണത്തിന് ലഭിച്ചത്.

പുസ്തകങ്ങളായും പണമായും മറ്റു സഹായങ്ങളായും വാഗ്ദാനങ്ങളെത്തി. പ്രവാസികൾ ഉൾപ്പെടെയുള്ളവർ പ്രചാരണത്തിൽ വലിയ പങ്കുവഹിച്ചു. എഴുത്തുകാരും ചിന്തകരും സാംസ്കാരികപ്രവർത്തകരുമെല്ലാം ഈ ഉദ്യമത്തിന് പിന്തുണയും സഹായവും നൽകി. 14 ജില്ലകളിൽനിന്നുമുള്ള പുസ്തകങ്ങൾ എത്തിക്കാനായി ‘പുസ്തകവണ്ടി’ ഏപ്രിൽ 15ന് രാവിലെ കോഴിക്കോട്ടുനിന്ന് യാത്ര തുടങ്ങി. അന്ന് വൈകീട്ട് ആറിന് ആലപ്പുഴയിൽ ഡോ. തോമസ് ഐസക് എം.എൽ.എ പുസ്തകവണ്ടി ഫ്ലാഗ്ഓഫ് ചെയ്തു.

ഒരു കാറിൻെറ ഡിക്കിയിൽ കൊള്ളാവുന്ന പുസ്തകങ്ങളാണ് പുസ്തക ശേഖരണ കൂട്ടായ്മ പ്രതീക്ഷിച്ചത്. എന്നാൽ, തിരുവനന്തപുരത്ത് എത്തുമ്പോഴേക്കും വണ്ടി പുസ്തകങ്ങളാൽ നിറഞ്ഞു. അവിടെനിന്ന് മറ്റൊരു വണ്ടിയിൽ കൂടി പുസ്തകം ശേഖരിച്ചു. അവസാനമായപ്പോഴേക്കും തെക്കൻ കേരളത്തിൽനിന്ന് നാലും വടക്കുനിന്ന് മൂന്നും മലപ്പുറത്തുനിന്ന് ഒന്നും ഉൾപ്പെടെ ആകെ എട്ട് വണ്ടികൾ നിറയെ പുസ്തകങ്ങളുമായി തലൂക്കരയിലേക്ക് യാത്രതിരിച്ചു.

പുസ്തകവണ്ടിയെ തലൂക്കര ഗ്രാമം ഹൃദയം തുറന്ന് സ്വീകരിച്ചു. പുസ്തക സ്വീകരണം എഴുത്തുകാരൻ ടി.ഡി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. തലൂക്കര എ.കെ.ജി. വായനശാലയുടെ പൊള്ളിയടർന്ന ചുവരുകൾക്കുള്ളിൽ പുതിയതായെത്തിയ പുസ്തകങ്ങൾ ഒരു പ്രതിരോധവും പ്രക്ഷോഭവുമാണ്. നവമാധ്യമങ്ങളെ മുൻനിർത്തി അക്ഷരസ്നേഹികളെയും സഹൃദയരെയും അണിനിരത്തി ഒരുകൂട്ടം ചെറുപ്പക്കാർ കാണിച്ചുതന്നത് അതാണ്. •

അംഗീകാരം

# തുന്നിനേടിയത് ജീവിതവും പുരസ്കാരവും

‘ജോ ആൻഡ് ദ ബോയ്’ എന്ന ചിത്രത്തിലൂടെ സംസ്ഥാന സർക്കാറിൻെറ 2015ലെ ഏറ്റവും നല്ല ചലച്ചിത്ര വസ്ത്രാലങ്കാരകനുള്ള അവാർഡ് നേടിയ നിസാർ സംസാരിക്കുന്നു



നിസാർ വസ്ത്രാലങ്കാരം നിർവഹിച്ച ജോ ആൻഡ് ദ ബോയ് എന്ന ചിത്രത്തിലെ ഒരു രംഗം

**സിദ്ദീഖ് പെരിന്തൽമണ്ണ**

മണ്ണാർക്കാട് ചുള്ളിയോട് സ്വദേശി നിസാർ പിറന്നുവീണത് ദാരിദ്ര്യത്തിലാണ്. കൂലിപ്പണിക്ക് പോയിരുന്ന ബാപ്പ അബൂബക്കർ, നിസാർ ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ 22 കോൽ താഴ്ചയുള്ള കിണറ്റിൽവീണ് നട്ടെല്ലിന് ക്ഷതംപറ്റി കിടപ്പായി. അതോടെ ദാരിദ്ര്യം വർധിച്ചു. അന്ന് നിസാറിനെ മദ്റസയിൽ പഠിപ്പിച്ചിരുന്ന ഉസ്താദ് അബ്ദുൽ റഊഫ് മുസ്ലിയാർക്ക് നാട്ടിൽ തയ്യൽക്കടയുണ്ടായിരുന്നു. ഉമ്മ നിസാറിനെ ഉസ്താദിൻെറ തയ്യൽക്കടയിൽ കൊണ്ടാക്കി. പിന്നീട് മുസ്ലിയാർ ഗൾഫിലേക്ക് പോയപ്പോൾ നിസാർ ആ കട ഏറ്റെടുത്തു. അതിനുശേഷം ലേഡീസ് ടെയ്‌ലറിങ് പഠിക്കാൻ മണ്ണാർക്കാട് ടൗണിലെ വസന്തം ടെക്സ്റ്റൈൽസിനോടനുബന്ധിച്ചുള്ള ലേഡീസ് ടെയ്‌ലറിങ്ങിലെ സുലൈമാനിക്കയുടെ അടുത്തേക്ക് വന്നു. അവിടെനിന്ന് എറണാകുളത്തേക്ക്. വിവിധ ടെയ്‌ലർഷോപ്പുകളിൽ പണിയെടുത്തു. പിന്നെ സ്വന്തമായി കാക്കനാടിനടുത്ത മോറക്കാലയിൽ ഡിസൈൻസ് എന്ന പേരിൽ ഒരു ഷോപ്പിട്ടു. അവിടെ നിന്നാണ് സിനിമയിലേക്കുള്ള പ്രവേശം. തുടർന്ന് ആദ്യചിത്രമായ ജോ ആൻഡ് ദ ബോയ് തന്നെ 2015ലെ സംസ്ഥാന ചലച്ചിത്ര അവാർഡിൽ ഏറ്റവും നല്ല വസ്ത്രാലങ്കാരകനുള്ള അവാർഡിന് നിസാറിനെ അർഹനാക്കി. അതിലേക്കുള്ള ബാക്കി യാത്രയെക്കുറിച്ച് നിസാർ സംസാരിക്കുന്നു.

### സിനിമയിലെത്തുന്നത്

എറണാകുളത്ത് ജോലി ചെയ്തിരുന്ന ഒറ്റപ്പാലത്തുള്ള ഹരിയെന്ന സുഹൃത്ത് ഏതോ സിനിമാ മാഗസിനിൽ കോസ്റ്റ്യൂം ഡിസൈനർ കുക്കു ജീവൻെറ ഫോൺ നമ്പർകണ്ട് വിളിച്ചു. വസ്ത്രാലങ്കാര അസിസ്റ്റൻറാകണമെങ്കിൽ മാക്ടയിൽ മെംബറാകണമെന്നും അതിന് 10,000 രൂപ വേണമെന്നും കുക്കു പറഞ്ഞു. അപ്പോൾ അവൻ അതിൽനിന്ന് പിന്മാറി. പിന്നീട് ആ നമ്പർ വാങ്ങി ഞാൻ വിളിച്ചു. എന്നോടും അങ്ങനെത്തന്നെ പറഞ്ഞു. 10,000 രൂപ കൊടുക്കാൻ ഇല്ലാത്ത ചുറ്റുപാടായതിനാൽ ഞാനും ആ മോഹം ഉപേക്ഷിച്ചു. പിന്നീട് ഒരു ദിവസം ആളില്ലാതായപ്പോൾ എന്നെ വിളിച്ച് കുക്കു ജീവൻ അസിസ്റ്റ് ചെയ്യണമെന്ന് പറഞ്ഞു. അങ്ങനെ ഞാൻ അന്ന് ആദ്യമായി ഡ്രസ് തയ്ക്കുന്നത് ലക്ഷ്മി ശർമ എന്ന ആർട്ടിസ്റ്റിനാണ്. പിന്നീട് കുക്കു ഇടക്ക് വിളിക്കും. ഞാൻ റൂമിലിരുന്ന് ചെയ്തുകൊടുക്കും. സിനിമയിൽ വർക് ചെയ്യാൻ മെംബർഷിപ് എടുക്കുന്നത് എസ്.ബി. സതീഷ് എന്ന വസ്ത്രാലങ്കാരകൻ അദ്ദേഹത്തിൻെറ കൈയിൽനിന്ന് പൈസ കൊടുത്താണ്. അപ്പോഴേക്കും 20,000 രൂപയോളം ആയിരുന്നു. ആ പണം ഞാൻ അദ്ദേഹത്തിന് ജോലി ചെയ്ത് തിരിച്ചുനൽകി. അദ്ദേഹത്തിൻെറ കൂടെയാണ് ഞാൻ തുടർച്ചയായി ചിത്രങ്ങൾ ചെയ്തത്. കടാക്ഷം, താന്തോന്നി, പോക്കിരിരാജ, റോബിൻഹുഡ് തുടങ്ങിയ ചിത്രങ്ങൾ അസിസ്റ്റ് ചെയ്തു. പിന്നീട് കുമാർ എടപ്പാളിൻെറ കൂടെ എന്ന് നിൻെറ മൊയ്തീൻ, ഒരു സെക്കൻഡ് ക്ലാസ് യാത്ര തുടങ്ങിയ ചിത്രങ്ങൾ അസിസ്റ്റ് ചെയ്തു. സമീറ സനീഷിൻെറ കൂടെയും വർക് ചെയ്തു.

ജോ ആൻഡ് ദ ബോയ് എന്ന ചിത്രത്തിലാണ് സ്വതന്ത്രനാകുന്നത്. മങ്കിപെൻ എന്ന ചിത്രത്തിൽ സുനിൽ റഹ്മാനെ അസിസ്റ്റ് ചെയ്യുന്ന സമയത്ത് ഞാൻ സ്വതന്ത്രമായി ചെയ്യാൻ അതിൻെറ സംവിധായകരായ റോജിൻ തോമസിനോടും ഷാനിൽ മുഹമ്മദിനോടുമൊക്കെ ചോദിച്ചു. അടുത്തപടം നോക്കാമെന്ന് അവർ പറഞ്ഞു. അങ്ങനെ ആദ്യ ചിത്രം കിട്ടിയത് ജോ ആൻഡ് ദ ബോയ് ആണ്. ഷാനിലും അതിൻെറ അസോസിയേറ്റ് ഡയറക്ടറായ മനോജ് പറമ്പനും റെക്കമൻറ് ചെയ്തു. ഒരു മോഡേൺ സമ്മർ ജാക്കറ്റ്സാണ് ചെയ്യേണ്ടത് എന്ന് വിളിച്ച് എന്നോട് പറഞ്ഞു. ഞാൻ റഫറൻസ് എടുത്ത് ചെന്നു. അവർ എടുത്തുവെച്ച റഫറൻസും ഞാൻ എടുത്തതും ഒരുപോലെയായിരുന്നു. അവർക്ക് സന്തോഷമായി. എല്ലാവരും സപ്പോർട്ട് ചെയ്തു.ജോയ് ആൻഡ് ദ ബോയ് ചെയ്തപ്പോൾ അതിന് പ്രത്യേകത തോന്നിയിരുന്നു. കാരണം മഞ്ജുച്ചേച്ചിയുടെ തിരിച്ചുവരവിൽ ആദ്യമായി ആധുനികവേഷം ധരിക്കുന്നു എന്നതുതന്നെ. പടം തുടങ്ങുന്നതിൻെറ രണ്ടു മാസം മുമ്പുതന്നെ തയാറെടുപ്പുകൾ നടത്തിയിരുന്നു. ഒരു അനിമേറ്റഡ് കാരക്ടറാണല്ലോ അതിൽ വരുന്നത്. ആ കഥാപാത്രത്തിനുവേണ്ടി ഡ്രസ് ഡിസൈൻ ചെയ്തിരുന്നു.

### അവാർഡ് അപ്രതീക്ഷിതം

അവാർഡ് കിട്ടുമെന്ന് ഒരു പ്രതീക്ഷയുമില്ലായിരുന്നു. കാരണം, പ്രമുഖരുടെ വലിയ സിനിമകളാണ് മത്സരത്തിനുണ്ടായിരുന്നത്.

എനിക്ക് പഴയകാല വേഷങ്ങൾ ചെയ്യുമ്പോഴാണ് ത്രിൽ. പീരിയോഡിക്കൽ സിനിമയുടെ കോസ്റ്റ്യൂം റഫർ ചെയ്ത് ഉണ്ടാക്കാൻ രസമാണ്. അത്തരം സിനിമകളായ എൻെറ മൊയ്തീൻ, ഒറീസ, യുഗപുരുഷൻ എന്നീ ചിത്രങ്ങളിൽ അസിസ്റ്റ് ചെയ്തിട്ടുണ്ട്. ഇപ്പോൾ സംവിധായകൻ, നായകൻ എന്നല്ല സിനിമയുടെ എല്ലാവരെയും പ്രേക്ഷകർ ശ്രദ്ധിക്കും. അവാർഡ് ഒരു പ്രചോദനമാണ്. അതും ആദ്യ ചിത്രത്തിൽതന്നെ അവാർഡ് കിട്ടുകയെന്നത് വലിയ കാര്യമാണ്. അതോടൊപ്പം അത് ഉത്തരവാദിത്തങ്ങൾ കൂട്ടും.

രണ്ടാമത് ഷാനിൽ റഹ്മാൻ സംവിധാനം ചെയ്യുന്ന അവരുടെ രാവുകളിലാണ് വർക് ചെയ്തത്. അടുത്ത് ഞാൻ ചെയ്യുന്നത് ജിബു ജേക്കബിൻെറ മോഹൻലാൽ ചിത്രമാണ്.ബാപ്പാൻെറ ഉമ്മ സൈനബ, ബാപ്പ അബൂബക്കർ, ഉമ്മ റഹ്മത്ത്, ജസീല, ഷംന എന്നീ രണ്ടു സഹോദരിമാർ ഉൾപ്പെട്ടതാണ് കുടുംബം. ലുബ്നയാണ് ഭാര്യ. •



നിസാർ

ഏറനാട്ടിലെ തെരഞ്ഞെടുപ്പനുഭവങ്ങൾക്ക് രാഷ്ട്രീയാതീതമായ സ്നേഹ സഹകരണങ്ങളുടെയും മാനവികതയുടെയും ഹൃദ്യതയുണ്ട്.

# ഇലക്ഷൻ പഞ്ചതന്ത്രം

**പായിപ്ര രാധാകൃഷ്ണൻ**

ഇലക്ഷൻ എന്നു കേട്ടാലിപ്പോഴും പഴയ കലാലയ തെരഞ്ഞെടുപ്പു കോലാഹലങ്ങളിലേക്കാണ് ആദ്യമെത്തുക. എഴുപതുകളുടെ ഉദയവേളയിൽ എറണാകുളം മഹാരാജകീയ കലാലയത്തിലെ തെരഞ്ഞെടുപ്പ് മഹോത്സവമാണ് ആദ്യ രംഗങ്ങൾ. കുട്ടിസഖാക്കൾക്ക് കാലുകുത്താൻ ഇടം കിട്ടാത്ത ഒരു കാലഘട്ടത്തിൻെറ സായാഹ്നം. സൈക്കിൾ ചെയിനും തിരണ്ടിവാലും ഇടിക്കട്ടകളും ഒരു വശത്തും സുന്ദരക്കുട്ടപ്പന്മാരും റാങ്കുജേതാക്കളും സുന്ദരിക്കോതകളുമായി മറുപക്ഷവും ഏറ്റുമുട്ടുന്ന കാലം. ഇരുകക്ഷികൾക്കുമിടയിൽ നടൻ മമ്മൂട്ടിയുൾപ്പെടെ നേരമ്പോക്കു ഗ്രൂപ്പുകൾ വേറെയും. ഇപ്പോഴത്തെ കൊൽക്കത്ത ഡി.ജി.പി വി.വി. തമ്പി മുൻ ആഭ്യന്തര വകുപ്പ് സെക്രട്ടറി കെ.കെ. വിജയകുമാർ, വൈസ് ചാൻസലർമാരായ കെ.ആർ. വിശ്വംഭരൻ (കാർഷികം), കെ.എസ്. രാധാകൃഷ്ണൻ (സംസ്കൃതം), വിഷ്ണുരാധൻ (കവി) തുടങ്ങി വേറെ അസംഖ്യം ബുദ്ധിരാക്ഷസന്മാരും.

യൂനിയൻ ഉദ്ഘാടനങ്ങളും പൊതുചടങ്ങുകളും കക്ഷിരാഷ്ട്രീയത്തിൻെറയോ സിനിമാക്കമ്പത്തിൻെറയോ ബാധോപദ്രവങ്ങളേൽക്കാത്ത ഒരു കാലം. കമ്യൂണിസ്റ്റ് വിരുദ്ധ യൂനിയൻെറ ഉദ്ഘാടനത്തിനെത്തിയത് ആജീവനാന്ത കമ്യൂണിസ്റ്റായിരുന്ന പൊൻകുന്നം വർക്കി. ഒരു സിനിമാക്കാരൻ പോലും ആർട്സ് ക്ലബിൻെറ പടിചവിട്ടാൻ മടിച്ചിരുന്ന കാലം. (പടക്കമെറിഞ്ഞാണ് ഒരു താരത്തെ അന്ന് വിരട്ടി ഓടിച്ചത്!) സോപ്പുപെട്ടി പ്രസംഗങ്ങളുടെ, സംഘർഷ മധ്യത്തിലെ ഇലക്ഷൻ പ്രചാരണത്തിൻെറ, പരിശീലനക്കളരികൂടിയായും ആ ഇലക്ഷൻ കാലത്തെ മറക്കാനാവില്ല.

വിദ്യാർഥി ജീവിതം ഒടുങ്ങും മുമ്പേ സർക്കാർ ജീവനമായതോടെ, തെരഞ്ഞെടുപ്പുകൾ ഇലക്ഷൻ ഡ്യൂട്ടികളുടെ വൈവിധ്യകാലമായി. വോട്ടെണ്ണൽ, സ്ക്വാഡ്, പ്രിസൈഡിങ് ഓഫിസർ എന്നുവേണ്ട സകലമാന ഇലക്ഷൻ ചുമതലകളിലും പലപ്പോഴായി കയറിയിറങ്ങിപ്പോന്നിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ കരുവാരക്കുണ്ടിനടുത്ത് കാളികാവ് പുല്ലങ്കോട് എസ്റ്റേറ്റിനകത്തെ മലമുകളിലെ ഒരു ബൂത്തിലെ അനുഭവം ഓർമയിൽ മങ്ങാതെ നിൽക്കുന്നു. വിജനമായ ഒറ്റയടിപ്പാതകളിലൂടെ ഒരു പൊലീസ് വേഷക്കാരൻെറ (ശരിയായ പൊലീസല്ല) അകമ്പടിയോടെ ഇലക്ഷൻ തലേന്നത്തെ പദയാത്ര.

പുലരും വരെ മെഴുകുതിരി വെട്ടത്തിലിരുന്ന് ഒരുക്കങ്ങൾ. കാട്ടിലെ ചോലയിൽ നീരാട്ട്. പരസ്പരാശ്രയത്വത്തിൻെറയും വിശ്വാസത്തിൻെറയും ഒന്നുരണ്ടു ദിനങ്ങൾ. ബാലറ്റുപെട്ടി വെച്ച മേശയുടെ വിടവിലൂടെ വോട്ടുരേഖപ്പെടുത്തി കടന്നുകളയുന്ന ഗ്രാമീണർ. പെട്ടി സീൽ ചെയ്യും മുമ്പ് തറയിൽകിടക്കുന്ന ബാലറ്റുപേപ്പർ കണ്ടെത്തിയത് ഭാഗ്യം!

ഏറനാട്ടിലെ തെരഞ്ഞെടുപ്പനുഭവങ്ങൾക്ക് രാഷ്ട്രീയാതീതമായ സ്നേഹ സഹകരണങ്ങളുടെയും മാനവികതയുടെയും ഹൃദ്യതയുണ്ട്. തുവ്വൂരങ്ങാടിയിലെ രണ്ടു ചായക്കടകളിൽ ഇരുകക്ഷികളുടെയും സൗജന്യ ലഘുഭക്ഷണം. വോട്ട് ആർക്ക് ചെയ്താലും ഒരു ചായയും ബോണ്ടയും ഫ്രീ. തെരഞ്ഞെടുപ്പിലെ ഏറ്റവും വലിയ അഴിമതിയും ഈ ചായയും ബോണ്ടയുമായിരുന്നു. വോട്ടർക്കുള്ള ഈ ലഘു സൗജന്യങ്ങൾ ഇന്ന് മാഞ്ഞുപോയിരിക്കുന്നു. നിങ്ങൾ ജയിച്ചുവരുക; ചാക്കിലാക്കാൻ, കുതിരക്കച്ചവടത്തിന് കോടികളുടെ പഞ്ചതന്ത്രം.

വി.കെ.എന്നിൻെറ സർ ചാത്തുവിനേപ്പോലെ എതിർകക്ഷിയെ പത്തായത്തിൽ പൂട്ടുന്ന നാടൻ തന്ത്രങ്ങളൊക്കെ തീർത്തും മാഞ്ഞുപോയിയെന്ന് പറയാറായിട്ടില്ല. പഞ്ചനക്ഷത്ര ഹോട്ടലുകളിലോ റിസോർട്ടുകളിലോ പഞ്ചമകാരങ്ങളാൽ ബന്ധിതരാകുമെന്ന് മാത്രം.

സർക്കാർ ജീവിതത്തിൻെറ അവസാന ഘട്ടത്തിൽ എറണാകുളം മെട്രോ നഗരത്തിൽ ഒരു ബൂത്തിലായിരുന്നു ഡ്യൂട്ടി. നാട്യപ്രധാനം നഗരം ദരിദ്രം എന്നു പറഞ്ഞതു തന്നെ അവസ്ഥ. അരലക്ഷം രൂപ പ്രതിമാസ ശമ്പളം വാങ്ങുന്ന കോളജ് റീഡറും അതിനേക്കാളേറെ കിമ്പളം വാങ്ങുന്ന എൻജിനീയറും ഇടിഞ്ഞു പൊളിഞ്ഞ ഒരു എൽ.പി സ്കൂളിൻെറ അരക്ഷിത മേൽക്കൂരക്കുകീഴിൽ ഒരു കൊതുകുതിരിയുടെ സാന്ത്വനം പോലുമില്ലാതെ ഒരു രാത്രി ഉറക്കമിളച്ചതും പിറ്റേന്ന് പ്രഭാതകൃത്യങ്ങൾക്കായി നാടുതെണ്ടിയതും തെരഞ്ഞെടുപ്പിൻെറ വിധിനിയോഗങ്ങളിൽ എഴുതിത്തള്ളാം. •

കത്തുകൾ

## ഓൺ ഇലക്ഷൻ ഡ്യൂട്ടി

വാരാദ്യമാധ്യമം ലക്കം 1459ലെ ഓൺ ഇലക്ഷൻ ഡ്യൂട്ടി വായിച്ചു. 33 വർഷം സർക്കാർസേവനം പൂർത്തിയാക്കി പടിയിറങ്ങുമ്പോൾ അസംബ്ലി പാർലമെൻറ് തെരഞ്ഞെടുപ്പുകളിൽ പോളിങ് ഓഫിസറായും പ്രിസൈഡിങ് ഓഫിസറായും പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. പോളിങ്ങിൻെറ തലേദിവസം മുതൽ വല്ലാത്ത മാനസിക സമ്മർദങ്ങളും രസകരമായ നിമിഷങ്ങളും ഉണ്ടായിട്ടുണ്ട്. പ്രശ്നങ്ങളില്ലാതെ പോളിങ് കഴിഞ്ഞുകിട്ടാൻ പ്രാർഥിച്ചിട്ടുണ്ട്. കേരളത്തിൽ അസംബ്ലി തെരഞ്ഞെടുപ്പ് ആസന്നമായ ഈ അവസരത്തിൽ വാരാദ്യമാധ്യമം ‘ഓൺ ഇലക്ഷൻ ഡ്യൂട്ടി’ എന്ന തലവാചകത്തിൽ സർക്കാർ ഉദ്യോഗസ്ഥരായിരുന്ന മൂന്നു കവികളുടെ ഇലക്ഷൻ ഡ്യൂട്ടിക്കിടയിലെ അനുഭവകഥ വായനക്കാരുമായി പങ്കുവെച്ചത് ഹൃദ്യമായി. കവികളുടെ അനുഭവങ്ങൾ വായിച്ചപ്പോൾ കയ്പും മധുരവും ഇടകലർന്ന ഒരുപിടി ഓർമകൾ എൻെറ മനസ്സിലേക്ക് ഓടിയെത്തി. ഇതുപോലെ വ്യത്യസ്തമായ സാഹിത്യവിഭവങ്ങൾ വായനക്കാരിലെത്തിക്കാൻ വാരാദ്യമാധ്യമം കാണിക്കുന്ന താൽപര്യം ശ്ലാഘനീയമാണ്.

സുദർശൻ കൈനകരി

അയക്കേണ്ട വിലാസം:
പത്രാധിപർ, വാരാദ്യമാധ്യമം, വെള്ളിമാടുകുന്ന് പി.ഒ
കോഴിക്കോട് -12.
varadyam@madhyamam.in

കഥ



# ജനറേഷൻ

**മുയ്യം രാജൻ**

കൊല്ലല്ലേ അച്ഛാ..!
കൊല്ലല്ലേ അമ്മേ..!!
അണിയറയിൽ അണ്ഡകടാഹത്തെ പ്രകമ്പനം കൊള്ളിക്കുന്ന ഫീമെയിൽ ബേബികളുടെ ദീനരോദനം. അതിന്റെ റീടേക്കുകൾ.. റീ റെക്കോഡിങ്..

കട്ട്... കട്ട്...


ഇനിയും വെളിച്ചം കാണാത്ത ഈ ചലച്ചിത്ര സാക്ഷാത്കാരത്തിന് ഭ്രൂണഹത്യയെന്ന പേര് ചേരുമോ സാർ?

●

കവിത

# ചങ്ങലകൾ

**ഫെമിന**



നരച്ച ആകാശത്തിനു താഴെ
ഇരുളിന്റെ
ചുരുൾമുടികൾ വിടർത്തി
എത്തിനോക്കുന്ന രാത്രി

മുനിഞ്ഞുകത്തുന്ന
ചിമ്മിനിവിളക്കിന് ചുറ്റും
കൂനിയിരിക്കുന്ന
കുറച്ച് ആത്മാക്കൾ

പടവുകളിൽ നിപതിക്കുന്ന
കാലടികൾക്കൊപ്പം
നിഴലായി പിൻതുടരുന്ന
ക്രൗര്യത്തിനു കാതോർത്ത്

ഇരുളിന്റെ ഇലകൾ മാത്രം
മുളക്കുന്ന വൻമരം
പൂതലിച്ചു ചിതലിച്ചു
വേരറ്റു വീഴണം

തലയുയർത്തി നോക്കാൻ
കഴിഞ്ഞുവെങ്കിലല്ലേ
വിദൂരതയിലെങ്കിലും
ഒരു വെളിച്ചക്കീറുതേടാനാവൂ
●

ഇടപെടൽ

**കെ.ഇ.എൻ**



മുസ്‌ലിംകൾക്കെതിരെ അന്തിമയുദ്ധത്തിന് സമയമായെന്ന് ത്രിശൂലപ്രസ്താവനകൾ നടത്തുന്ന, ഇന്ത്യൻ നവഫാഷിസത്തിന്റെ ആയുധപ്പുരയിലെ ഉഗ്രമായ സ്ഫോടനവസ്തുവാണ് മേൽക്കോയ്മാദേശീയത




# ‘വാവാ’ ദേശീയതയും ‘പോടാ’ ദേശീയതയും

സംസ്കാരത്തെ സജീവമാക്കുമെന്ന് നാം സ്വപ്നം കണ്ട സംവാദവേദികൾപോലും നമ്മുടെ നാട്ടിലിപ്പോൾ സംസ്കാരവിരുദ്ധമായി മാറുന്നതാണ് നാം കാണുന്നത്. സർവതും ‘ദൃശ്യമാക്കുന്ന’ ചാനൽ ചർച്ചകളിൽപോലും ചട്ടമ്പിത്തരം കടന്നുവരുന്നതിന്റെ കോലാഹലമാണ്, കോഴിക്കോട്ട് കടപ്പുറത്ത് കഴിഞ്ഞ ദിവസം ചുവപ്പുകണ്ട കാളകണക്ക് കയറുപൊട്ടിച്ചത്. ഡി.വൈ.എഫ്.ഐയുടെ കേന്ദ്ര കമ്മിറ്റിയംഗമായ മുഹമ്മദ് റിയാസ് റിപ്പോർട്ടർ ചാനലിന്റെ ‘കുരുക്ഷേത്ര’ പ്രോഗ്രാമിൽ പങ്കെടുത്ത്, സംസാരിക്കുന്നതിനിടയിൽ ആ പഴയ ‘കോലീബി’ സഖ്യത്തെക്കുറിച്ച് പരാമർശിച്ചപ്പോഴാണത്രെ സംവാദസദസ്സിലുണ്ടായിരുന്ന ചില സംഘ്പരിവാർ പ്രവർത്തകർ പ്രകോപിതരായത്. പ്രകോപിതരാവാനുള്ള അവരുടെ സ്വാതന്ത്ര്യം സ്വാഗതം ചെയ്യപ്പെടേണ്ടതാണ്. സ്വന്തം ഭൂതകാലത്തെ ധീരമായി അഭിമുഖീകരിക്കാനുള്ള അവരുടെ പ്രയാസമാണ് പ്രകോപനമായി പരിണമിച്ചതെന്ന് മനസ്സിലാക്കുന്നതോടെ അവരുടെ ചാനൽ പൊട്ടിത്തെറിയിൽ നമുക്കും സഹതാപം തോന്നും!

പഴയ ബേപ്പൂർ കോലീബി സ്ഥാനാർഥി ഡോക്ടർ മാധവൻകുട്ടിയുടെ അക്കാലത്തെക്കുറിച്ചുള്ള ഓർമകൾ പത്രങ്ങളിൽ അച്ചടിച്ചുവന്നത് വായിച്ചവർക്കെല്ലാം ‘സംഘ്പരിവാർ’സുഹൃത്തുക്കൾ അനുഭവിക്കുന്ന പരവശത നന്നായി മനസ്സിലാക്കാനാവും! ‘സ്വന്തം ഡോക്ടർ’ എന്നല്ല, നമ്മുടെ ‘സ്വന്തം കുട്ടി’യെന്നാണ് പാണക്കാട് തങ്ങൾ അന്ന് ആ ‘കോലീബി’സ്ഥാനാർഥിയെക്കുറിച്ച് സ്നേഹപൂർവം പറഞ്ഞത്. മറവികളുടെ സുവർണകാലത്ത് ‘ചരിത്രം’ ഓർമിപ്പിച്ച മുഹമ്മദ് റിയാസിനോട് ആരോഗ്യപരമായി പ്രതികരിക്കാനാവാതെ കുഴഞ്ഞുപോയ സംഘ്പരിവാറുകാരിൽ ചിലർ, പോടാ പാകിസ്താനിൽ എന്നാക്രോശിച്ച് സംവാദ പരിപാടി അലങ്കോലപ്പെടുത്താൻ ശ്രമിച്ചു എന്നാണ് പത്രവാർത്ത! ‘ചാനൽകിണ്ണാന്തം’ ‘ചാനൽ സംവാദം’ എന്നിങ്ങനെയുള്ള പതിവ് വിഭജനങ്ങൾക്ക് കുറുകെ, ചാനൽ ചട്ടമ്പിത്തരം എന്നൊരു മൂന്നാംമുറ കൂടി ചാനൽ ശബ്ദകോശത്തിൽ ഉണ്ടായിത്തീരുന്നത്, ജനാധിപത്യത്തെ ഭയപ്പെടുത്തണം. സർവരും കാണുന്ന ഒരു മാധ്യമത്തിനുമുമ്പിൽ ഔപചാരിക മാന്യത പുലർത്താൻപോലും ഞങ്ങൾക്ക് മനസ്സില്ലെന്ന് ആര് പ്രഖ്യാപിച്ചാലും, അത് സംവാദസംസ്കാരത്തെ വല്ലാതെ സങ്കുചിതമാക്കും. യോജിക്കാനും വിയോജിക്കാനും എന്തിന് ഒച്ചവെക്കാനും ഇറങ്ങിപ്പോവാൻപോലും സ്വാതന്ത്ര്യമുള്ളൊരു സംവാദവേദിയുടെ വൻ സാധ്യതകൾ ഉപയോഗിക്കാതെ, അതിനകത്ത് ഉന്തും തള്ളും ദേശദ്രോഹ സംബോധനകളും പ്രയോഗിക്കുന്നത് പൊതുപ്രവർത്തനങ്ങൾക്ക് ഗുരുതരമായ പരിക്കേൽപിക്കും. അതിലുപരി കലാപകാലങ്ങളിൽ മാത്രമായി സംഘ്പരിവാർ ഉയർത്താറുള്ള ‘പോടാ പാകിസ്താനിൽ’ എന്ന രാജ്യദ്രോഹമന്ത്രം ചാനൽ സംവാദങ്ങൾക്കകത്തേക്കുപോലും കയറിവരുന്നു എന്നുള്ളത്, ഏത് ഗുജറാത്തിലായാലും സംഭവിച്ചുകൂടാത്തതാണ്. എന്നാൽ അതാണിപ്പോൾ സാമ്രാജ്യത്വ വരുദ്ധ സമരസ്മരണകൾ ഇരമ്പുന്ന കോഴിക്കോട്ട് സംഭവിച്ചിരിക്കുന്നത്! പി കൃഷ്ണപ്പിള്ളയും, ആർ.വി. ശർമയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ഇന്ത്യൻ ദേശീയതയുടെ ഔന്നത്യം സ്വന്തം ചോരയുടെ ചുവപ്പിലെഴുതിയ കോഴിക്കോടൻ കടപ്പുറത്തുവെച്ച ുതന്നെയാണ്, ‘ഇന്ത്യൻ ദേശീയതയെ അവഹേളിക്കുന്ന ‘പോടാ പാകിസ്താനിൽ’ എന്ന അശ്ലീല ആക്രോശം മുഹമ്മദ് റിയാസിനു നേരെ സംഘ്പരിവാർ സുഹൃത്തുക്കൾ ഉയർത്തിയത്.


കുറച്ചുമുമ്പ് കർണാടകയിൽ, അതുല്യപ്രതിഭയും ഇന്ത്യയുടെ അഭിമാനവുമായ അനന്തമൂർത്തിക്കെതിരെ, അതിനുമുമ്പ്, ഇന്ത്യൻ പിക്കാസോ എന്ന് പ്രകീർത്തിക്കപ്പെട്ട ലോകചിത്രകലാപ്രതിഭ എം.എഫ് .ഹുസൈനെതിരെ, പിന്നെ പേരറിയാത്ത ഒരുപാടുപേർക്കെതിരെ, ഇത്തരം മുദ്രാവാക്യങ്ങളുയർന്നത് മറക്കുന്നില്ല. അപ്പത്തിന്നുപകരം ‘വെടിയുണ്ട’ എന്നാക്രോശിക്കുകയും രക്തംകൊണ്ട് ചിന്തിക്കാൻ ആഹ്വാനം ചെയ്യുകയും, സ്വന്തം നാട്ടിലെ സഹമനുഷ്യരായ മുസ്‌ലിംകൾക്കെതിരെ അന്തിമയുദ്ധത്തിന് സമയമായെന്ന് ത്രിശൂലപ്രസ്താവനകൾ നടത്തുകയും ചെയ്യുന്ന, ഇന്ത്യൻ നവഫാഷിസത്തിന്റെ ആയുധപ്പുരയിലെ ഏറ്റവും സ്ഫോടനവസ്തുവാണ് മേൽക്കോയ്മാദേശീയത. ഇന്ത്യക്കാരായ ഒരുവിഭാഗത്തെ ഇന്ത്യക്കാരല്ലാതാക്കുകയും അതേസമയം, ഇന്ത്യക്കാർ തന്നെയായ വേറൊരു വിഭാഗത്തെ ഒറിജിനൽ ഭാരതീയരാക്കുകയും ചെയ്യുന്ന ഒരുതരം വിധ്വംസകവിശകലന രീതിയാണ് സംഘ്ബുദ്ധികൾ വികസിപ്പിക്കുന്നത്. ആ യുക്തിയാണ് ഇന്ത്യക്കാരനായ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി എന്ന പദവിയിൽനിന്ന് നെഹ്റുവിനെപ്പോലും പുറംതള്ളിയത്. അതേ യുക്തിയാണ് ഗാന്ധിജിയെ രാജ്യവഞ്ചകനാക്കിയത്! ബൽരാജ് മധോക്ക് ഒന്നാമത്തെ ഭാരത പ്രധാനമന്ത്രിയായി സാക്ഷ്യപ്പെടുത്തിയത് ലാൽ ബഹദൂർ ശാസ്ത്രിയെയായിരുന്നു! സാക്ഷി മഹാരാജിന് ഗോദ്സേയാണ് മഹാത്മാവ്! സത്യവും ചരിത്രവും ദേശീയ കുപ്പായമിട്ട ‘ജിങ്കോയിസം’ ഉള്ളിൽ ജ്വലിക്കുമ്പോൾ കത്തിപ്പോവും. സത്യത്തിൽ ‘ജിങ്കോയിസം’ ദേശഭക്തിയല്ല, തീവ്രവും വിമർശരഹിതവുമായ ദേശഭ്രാന്താണ്. അതിനോളമുഗ്രനാം വനജന്തു വേറെയുണ്ടാവുമെന്ന് തോന്നുന്നില്ല. അതിന് പോടാ ദേശീയതയെന്ന ഒരു പേര് കൊടുക്കുന്നതാവും നല്ലത്!

പുറംതള്ളാനല്ലാതെ, ഒന്നിനെയും ഉൾക്കൊള്ളാനാവാത്ത; സംവാദങ്ങൾക്കു പകരം, സംഘർഷം സ്വപ്നംകാണുന്ന; വാവാ എന്നു പറയുന്നതിനു പകരം, പോപോ എന്നാക്രോശിക്കുന്ന, ദേശീയമേയല്ലാത്ത ഈയൊരു ജിങ്കോയിസത്തിന്റെ ജീർണതയാണ് ഇന്ന് ഇന്ത്യയിൽ പല സ്ഥലത്തും സ്വയം ദേശീയതയെന്ന് നടിച്ച് ഇളകിയാടുന്നത്. ജനാധിപത്യം ഇന്നു മാത്രമല്ല നാളെയും അതിനുമുമ്പിൽ ധീരമായി നിവർന്നു നിൽക്കണം. അല്ലെങ്കിൽ നിലനിൽക്കാൻ പാകത്തിൽ നമുക്കൊരു മതനിരപേക്ഷ ഇന്ത്യയുണ്ടാവില്ല.

പ്രശസ്ത കവി ബാലചന്ദ്രൻ ചുള്ളിക്കാട്, രാജ്യസ്നേഹം എന്ന കവിതയിൽ എഴുതി. ‘ഞാൻ തേടുന്നത് രാജ്യസ്നേഹത്തെയല്ല, സ്നേഹമുള്ള രാജ്യത്തെയാണ്!’ പതിറ്റാണ്ടുകൾക്കു മുമ്പ് ശ്രീ നാരായണഗുരു ആത്മോപദേശശതകത്തിൽ പ്രയോഗിച്ച ‘പ്രിയമൊരു ജാതി’ എന്ന അപൂർവമായ ഒരു വാക്ക്, ഇപ്പോൾ മനസ്സിൽ പ്രകാശം പരത്തുന്നു! ‘ഇന്നാഫ്രിക്കയിതെൻ നാട്, അവളുടെ ദുഃഖത്താലെ ഞാൻ കരയുന്നു’ എന്ന് എൻ.വി. കൃഷ്ണവാരിയർക്ക് എഴുതാൻ കഴിയുന്ന; പാകിസ്താൻ ക്രിക്കറ്റ് കണ്ട് കൈയടിച്ചാൽ വിദ്യാർഥികൾ സസ്പെൻഡ് ചെയ്യപ്പെടാത്ത; ‘ഇന്ത്യാ നിന്റെ വയറ്റിൽ പിറന്നതിന്റെ നാണം മറയ്ക്കാൻ, ഒരു ദേശീയപതാകപോലുമില്ലാതെ, ഞാൻ ചൂളിയുറഞ്ഞു പോകുന്നു’ എന്ന് സച്ചിദാനന്ദന് എഴുതാനാവുന്ന; ആശുപത്രിയിലേക്ക് ഡോക്ടറെ കാണാൻ ഓടുന്നവനെ വഴിയിൽ തടഞ്ഞുനിർത്തി ‘ഭാരതമാതാവ് സിന്ദാബാദ്’എന്ന് വിളിക്കാൻ ആജ്ഞാപിക്കാത്ത; ‘നാടേതായാലും ഭൂമി മുഴുവൻ ഒന്നാണ്, അമ്മയാരായാലും മുലപ്പാലിന്റെ സ്വാദൊന്നാണ്’ എന്ന് ചേരബന്ധ രാജാവിനൊപ്പം സർവർക്കും പാടാനാവുന്ന; ‘ദേശീയതാ പോരാട്ടം തുടരും, ആദ്യഘട്ട ജയം ബി.ജെ.പിക്ക്’ എന്ന ജെയ്റ്റ്ലി മോഡൽ പ്രസ്താവനയിലെ പോലെ ദേശീയതയെ ആർക്കെങ്കിലും എതിരായ ഒരു യുദ്ധമായി കണക്കാക്കാത്ത; ‘എവിടെ മനസ്സ് നിർഭയവും ശിരസ്സ് ഉന്നതവുമായിത്തീരുന്നുവോ, എവിടെ രാഷ്ട്രങ്ങൾ തുണ്ടം തുണ്ടമായി ചിതറിപ്പോവാതിരിക്കുന്നുവോ ആ സ്വാതന്ത്ര്യ സ്വർഗത്തിലേക്ക് ഞങ്ങളെ നയിക്കേണമേ’ എന്നാത്മാർഥമായി ആഗ്രഹിച്ച ടാഗോറിന്റെ കാഴ്ചപ്പാടിനെ ഉള്ളിലേറ്റു വാങ്ങുന്ന, സാമ്രാജ്യത്വം, മുതലാളിത്തം, നാടുവാഴിത്തം, ജാതിമേൽക്കോയ്മ, വർഗീയത, ഫാഷിസം എന്നിവയോട് എതിരിടാതെ സ്വന്തം രാജ്യത്തിലെ വ്യത്യസ്ത വിഭാഗം മനുഷ്യരെ ആഭ്യന്തര ശത്രുക്കളായി പ്രഖ്യാപിക്കുന്ന; “സ്നേഹവ്യാഹതി തന്നെ മരണം’ എന്ന് തീർത്ത് പറയുന്ന ദേശീയതയാണ് “പ്രിയദേശീയത’. സത്യത്തിൽ അതാണ്, അതായിരിക്കണം ജനകീയ ദേശീയത. കൽപിക്കുന്ന ‘മുഖ്യധാരയും’ അനുസരിക്കാൻ വിധിക്കപ്പെട്ട ‘അമുഖ്യധാരകളും’ എന്ന സങ്കൽപം അതോടെ അവസാനിക്കും. അതിനെയാണ് ‘വാവാ ദേശീയത’ എന്ന് വിളിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ദേശീയതയുടെ പാസ്വേർഡ് ‘പോ’ എന്നതിനുപകരം, ‘വാ’ എന്നാവുമ്പോൾ പൂന്തോട്ടമില്ലാതെതന്നെ പൂക്കാടുകളുണ്ടാവും! എന്നാൽ‘വാ’ എന്നാവാതെ ‘പോ’ എന്നാവുമ്പോൾ, വെള്ളത്തിനുള്ളിലും വരൾച്ചകൾ മുളളും! ഒരിക്കൽ മനുഷ്യനായിരുന്ന ഗ്രിഗർ സാംസ പിന്നീടെങ്ങനെയോ മനുഷ്യനല്ലാതായി ത്തീർന്നു. മെറ്റമോർഫോസിസ് എന്ന കഥയിൽ കാഫ്ക എഴുതി. ‘നോക്കൂ, ആ കീടം, ഒരു മനുഷ്യജീവിയായിരുന്നു’ എന്ന് ! ജിങ്കോയിസമായി മാറുന്ന ദേശീയതയെയും കാത്തിരിക്കുന്നത്, അത്തരമൊരു ‘കീടാവസ്ഥ’യാണ്.

●


വായന



### രണ്ട് നഗരങ്ങളുടെ കഥ

**ചാൾസ് ഡിക്കൻസ്**
**വില: 125.00, പേജ്: 168**
**ഡി.സി ബുക്സ്**


ഫ്രഞ്ച് വിപ്ലവത്തിനു മുമ്പും ശേഷവുമുള്ള കാലഘട്ടത്തെ അതീവ ഹൃദ്യമായി വിലയിരുത്തുന്ന കൃതി. വിശ്വസാഹിത്യ പ്രതിഭയായ ചാൾസ് ഡിക്കൻസിന്റെ ഈ നോവൽ വായനക്കാരെ മധുരതരമായ അനുഭവങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.



### അറബിക് ഈസ് ഈസി

**ഭാഗം ഒന്ന് രണ്ടാം പതിപ്പ്**
**അധ്യ. മുഈനുദ്ദീൻ**
**വില: 800.00, പേജ്: 786**
**റിനൈസൻസ് ബുക്സ്**


അത്യദ്ഭുതകരവും അതിവിസ്മയകരവും ഒപ്പം അങ്ങേയറ്റം ലളിതവുമായ ഭാഷയാണ് അറബി. അറബി പഠിക്കാൻ അതിന്റെ ചില രഹസ്യ കോഡുകൾ മതിയെന്ന് ഈ കൃതി വെളിപ്പെടുത്തുന്നു. വിദ്യാർഥികൾക്കും ഗൾഫിലേക്ക് പോകുന്നവർക്കും അനുഗ്രഹമായ കൃതി.



### അക്കിത്തം ഹൃദയത്തിൽ കണ്ണുള്ള കവി

**വടക്കുമ്പാട് നാരായണൻ**
**വില: 225.00, പേജ്: 260**
**മാതൃഭൂമി ബുക്സ്**

സാഹിത്യരചനകളിലൂടെയും അല്ലാതെയും മനുഷ്യരാശിയുടെ വ്യഥയകറ്റാൻ തന്നെക്കൊണ്ടാവുന്നതെല്ലാം ചെയ്ത് സ്വജീവിതം ധന്യവും സഫലവുമാക്കിയ കവിയാണ് അക്കിത്തം അച്യുതൻ നമ്പൂതിരി. അദ്ദേഹത്തിന്റെ ജീവചരിത്രം.



### കൂട്ടക്ഷരം

**എൻ.പി. ഹാഫിസ് മുഹമ്മദ്**
**വില: 90.00, പേജ്: 96**
**ചിന്ത പബ്ലിഷേഴ്സ്**

സ്വന്തം ജീവിതത്തിന്റെ പരിസരങ്ങളെ പുത്തൻ ആഖ്യാനങ്ങൾകൊണ്ട് പുനഃസൃഷ്ടിക്കുന്ന, കാലത്തെ അതിജീവിക്കുന്ന 13 കഥകൾ. പച്ചയും കാവിയുമായി പിളരുന്ന കാലത്തിനു മുന്നിലെ കാഴ്ചകളെ ഈ കഥകൾ വിചാരണ ചെയ്യുന്നുണ്ട്.



### യുദ്ധരാഷ്ട്രം

**സമകാലിക ലോകത്തെ പാകിസ്താൻ**
**ടി.വി. പോൾ**
**വില: 240.00, പേജ്: 282**
**ഒലിവ്**


സമകാലിക ലോകത്തിലെ ദുരൂഹ രാഷ്ട്രത്തെ മനസ്സിലാക്കാൻ സഹായകമായ മികച്ച പഠനമെന്ന് എം.ജെ. അക്ബർ പരാമർശിച്ച കൃതി. എം.പി സദാശിവന്റെ പരിഭാഷ.



### പട്ടുറുമാൽ പടിയിറങ്ങുന്നു

**കയ്യുമ്മു കോട്ടപ്പടി**
**വില: 80.00, പേജ്: 80**
**യെസ് പ്രസ് ബുക്സ്**


ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ കയ്യുമ്മുവിന്റെ കവിതകൾ ഈ സമാഹാരത്തിലുമുണ്ട്. വേറിട്ട വാക്കുകളും ജീവിതങ്ങളും സങ്കടങ്ങളുമൊക്കെ വിഷയങ്ങളായി മാറുന്നു.



### അംബേദ്കറും ബുദ്ധധർമ്മവും

**ദലിത് ബന്ധു**
**വില: 100.00, പേജ്: 104**
**ഹോബി പബ്ലിക്കേഷൻസ്**

60 വർഷം മുമ്പ് അംബേദ്കർ കാട്ടിത്തന്ന മാർഗം സ്വീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഹൈദരാബാദ് യൂനിവേഴ്സിറ്റിയിലെ രോഹിത് വെമുലക്ക് ആത്മഹത്യ ചെയ്യേണ്ടിവന്നതെന്ന് ഗ്രന്ഥകർത്താവ് ചൂണ്ടിക്കാട്ടുന്നു. അന്വേഷണാത്മകമായ പുസ്തകം.



### ഛേ എന്റെ മുഖപുസ്തക കുറിപ്പുകൾ

**പതിയാങ്കര**
**വില: 100.00, പേജ്: 100**
**സെക്യുലർ ഫോറം ബുക്സ്**

ആറ്റിക്കുറുക്കിയ എഴുത്തുകൾ മുഖപുസ്തകത്തിൽ കുറിക്കപ്പെട്ടതാണ്. അവക്ക് കരുത്തും കാമ്പുമുണ്ട്. ഈ രചനകൾ വായിച്ചശേഷം എളുപ്പം മറവിയിലേക്ക് തള്ളപ്പെടുന്നില്ല എന്നതാണ് വാസ്തവം.

ആസ്വാദനം

മുണ്ടൂർ സേതുമാധവന്റെ ‘കഥപോയ കാല’ത്തിന്റെ വായന. സാന്ദ്ര മൗനങ്ങളിൽ ചാലിച്ച അക്ഷരങ്ങളിലൂടെ വിടരുന്ന കഥകൾ


# വൃശ്ചികക്കാറ്റിന്റെ നൈർമല്യം

**കുമാരപുരം സുന്ദരേശൻ**

മുണ്ടൂർ സേതുമാധവന്റെ 17 കഥകളുടെ സമാഹാരമായ കഥ പോയ കാലത്തിന്റെ വായനയിൽ കണ്ടെത്തിയത് നിരവധി ബിംബങ്ങൾ. ഓരോന്നിനും ഓരോ രുചിക്കൂട്ട്. എങ്കിലും അമ്മക്കഥകൾക്കാണ് പ്രാധാന്യം; ഒപ്പം ഗ്രാമീണ ദാരിദ്ര്യത്തിന്റെയും. സ്കൂൾ തലം മുതൽ കോളജ് തലം വരെയും കോർപ്പറേറ്റ് കമ്പനി ബന്ധങ്ങളുടെയും സമരതന്ത്രങ്ങളുടെയും കഥകളുണ്ട്. കണ്ടെത്തിയ കാമിനിമാരുടെയും സ്വന്തം കഥാസന്ദർഭങ്ങളുടെ കണ്ടെത്തലുകളുമുണ്ട് കൂടെ. എന്തിനായിരുന്നു, ഒന്നിനുമല്ല, വെറുതെ, മൂന്നാം കണ്ണ്, കഥയുടെ കണ്ണീർപാടം, സമര കഥാ സാഗരം, ഈ ഇടവഴിയിൽ വെച്ച്, മതിയായില്ല, ചിതയിൽ ദഹിച്ച സർപ്പം, ഒരു വസന്ത ഗാനം, സമാന്തരങ്ങൾ, പഴനിമലയുടെ പാട്ടുകൾ, അയ്യോ കാട്ടാന, അമ്മ, ഉറവകൾ വറ്റുന്നില്ല, കഥപോലെ കാലം, വിപര്യയം, കഥയുടെ പൊരുൾ എന്നിങ്ങനെയുള്ള കഥകളാണ് കഥപോലെ കാലം എന്ന മുണ്ടൂർ സേതുമാധവന്റെ ഈ പുസ്തകത്തിലുള്ളത്.

തന്നോടൊപ്പം കോളജിൽ പഠിച്ച യുവതി കാലങ്ങൾക്കു ശേഷം ഒറ്റക്ക് താമസിക്കുന്ന കഥയെഴുത്തുകാരന്റെ വീട്ടിൽ ചെല്ലുകയും തന്റെ ഭർത്താവിനെ ഒഴിവാക്കുന്നതിനു വേണ്ടി താൻ എന്തിനും തയാറാണെന്നും അറിയിക്കുന്നു. വിഷമസന്ധിയിലായ കഥാകാരൻ തന്റെ പഴയ കാമിനിയെ ഒഴിവാക്കുന്നതിനു വേണ്ടി ഏതിനും വഴിയുണ്ടാക്കാം എന്ന് സമാശ്വസിപ്പിച്ച് തൽക്കാലം വിട്ടുപോകാൻ ആവശ്യപ്പെടുന്നു. കഥാകാരന്റെ വാക്കു വിശ്വസിച്ച് മൈഥിലി മടങ്ങിപ്പോകുകയുംചെയ്യുന്നു. പിന്നീട് രാത്രിയിൽ കഥാകൃത്ത് ഒറ്റക്ക് ഇരിക്കുമ്പോൾ മൈഥിലിയുടെ ഭർത്താവ്, താൻ ഇങ്ങനെയൊരാളാണോയെന്നും ഞാൻ അടുത്തുതന്നെ അങ്ങോട്ട് വരുന്നുണ്ട് താങ്കളെകാണാനെന്നും പറയുന്നു. വിചാര വിഭ്രാന്തിയിൽപെട്ടോ എന്തോ അന്നുരാത്രി പതിവില്ലാത്ത വിധം കഥാകാരൻ ഗാഢമായി ഉറങ്ങി. കഥ പോയ കാലം എന്ന കഥയുടെ ഇതി വൃത്തം ഇങ്ങനെ.

ഇരുത്തം വന്ന ഒരെഴുത്തുകാരന്റെ പടിപ്പുരയിൽനിന്ന് പ്രസിദ്ധപ്പെടുത്തിയ കഥകൾ രസാവഹമാണ്. എങ്കിൽ കൂടിയും ചിലയിടങ്ങളിൽ രസച്ചരട് നഷ്ടപ്പെടുന്ന വിധത്തിൽ ആവർത്തന സ്വഭാവത്തോടെയുള്ള ഭാഷാവാചക പൊടിപ്പുകൾ കാണാം. എന്നാൽ രസകരവും പ്രകൃതിയോടിണങ്ങുന്നതുമായ നിരവധി വരികളും മുണ്ട്. ദൂരെ കല്ലടിക്കോടനിൽ അജ്ഞാതമായ ഏതോ ശബ്ദം കിടന്നുമുരളുന്നു. ഉള്ളിലെവിടെയോ വണ്ടിച്ചക്രങ്ങൾ പെരുകി, കാട്ടുമുള ചീർക്കുമ്പോലെ ഒരു അകിറൽ, പാടവരമ്പിലെ മുടിയഴിച്ചിട്ട കരിമ്പനകൾക്കിടയിൽ കാറ്റിന്റെ കെട്ടിപ്പിടിത്തം. മേലുദ്ധരിച്ച വാക്യങ്ങളൊക്കെ ആസ്വാദ്യകരമായ ഭാഷാ പ്രയോഗങ്ങളാണ്.



### കഥപോയ കാലം (കഥകൾ)

**മുണ്ടൂർ സേതുമാധവൻ**
**ഗ്രീൻ ബുക്സ്, തൃശൂർ**
**വില: 100**

ഒരു കഥ എങ്ങനെയും എവിടെനിന്നും ഉതിർന്നു വീണേക്കാം. പക്ഷേ, അത് കഥയാകണം. ഹൃദയ സ്പർശിയാകണം. കരുണാർദ്രമാണ് ഈ കഥകളുടെ ഭാഷ. ആത്മാന്വേഷണത്തിന്റെ ഒറ്റയടിപ്പാതകൾ. സാന്ദ്ര മൗനങ്ങളിൽ ചാലിച്ച അക്ഷരം സംഗീത മുദ്രകൾ. പ്രകൃതിയോടും ഭൂമിയോടുമുള്ള വിധേയത്വവും മിക്ക കഥകൾക്കും ഊടും പാവുമൊരുക്കുന്നു. തന്റെ പരിചയവട്ടത്തിലുള്ള കഥകൾ ഹൃദയസ്പർശിയായി പറഞ്ഞുപോവുക മാത്രമാണ് ഈയെഴുത്തുകാരൻ ചെയ്യുന്നതെന്ന് പുസ്തക മുഖക്കുറി.

സ്വയം വിചാരണ ചെയ്യപ്പെടുന്ന ഒരെഴുത്തുകാരന്റെ കണ്ടെത്തലുകളും, വൃശ്ചികക്കാറ്റിന്റെ നൈർമല്യവും നാട്ടിൻപുറ മണമുള്ള കഥകൾ എന്ന വിശേഷണവും ഈ കഥാപുസ്തകത്തിന്റെ കാര്യത്തിൽ അന്വർഥമാണ്.

●

അനുസ്മരണം




കാർട്ടൂണിസ്റ്റ് ടോംസ്



# ടോംസിൻെറ ബോബനും മോളിയും പിന്നെ മലയാളിയും

**അനീഷ് ഗോപാൽ**

ടോംസിൻെറ അതിപ്രശസ്തമായ കാർട്ടൂൺ കാരണം എത്രയെത്ര 'ബോബനും മോളിയും' എന്ന വിളിപ്പേരുകൾ ലഭിച്ച ആളുകൾ നമ്മുടെ നാട്ടുമ്പുറങ്ങളിൽ ഉണ്ടായിരുന്നു. പൊതുനിരത്തിലും എപ്പോഴും ഒന്നിച്ചു നടക്കുന്ന ഭാര്യാഭർത്താക്കന്മാരെപ്പോലും ആളുകൾ വിളിച്ചത് അങ്ങനെയായിരുന്നു. എന്തിന്, ദിവസങ്ങൾക്കു മുമ്പ് പുറത്തിറങ്ങിയ രഞ്ജിത്ത് സംവിധാനം ചെയ്ത 'ലീല' എന്ന സിനിമയിൽ നായക കഥാപാത്രവും സഹചാരിയും ഒന്നിച്ചു നടക്കുന്നതിനെ 'ബോബനും മോളിയും' എന്ന് ഒരു കുട്ടി വിളിച്ച് കളിയാക്കുന്നുണ്ട്.

യഥാർഥ ജീവിതത്തിലെ ബോബനും മോളിയും ഇപ്പോൾ ഒന്നിച്ചല്ല നടപ്പ്. കാരണം, അതിൽ ബോബൻ എന്ന അലക്സിന് പ്രായം 65. പഠനവും വിവാഹവും ഒക്കെ കഴിഞ്ഞ് എറണാകുളത്താണ്. പെങ്ങൾ മോളിയാകട്ടെ, ഭർത്താവും മക്കളും കൊച്ചുമക്കളും ഒക്കെയായി ആലപ്പുഴയിലാണ് താമസം. പക്ഷേ, 'ബോബനും മോളിയും' ഒരുമിച്ചുള്ള പ്രതീതിയാണ് അവർക്കെപ്പോഴും. കാരണം, ബോബനോട് കണ്ടുമുട്ടുന്നവർ മോളിയെയും മോളിയോട് ബോബനെയും കുറിച്ച് അന്വേഷിക്കാത്ത ദിവസങ്ങൾ വിരളമായിരിക്കും. അതുകൊണ്ടുതന്നെ തങ്ങളെ കഥാപാത്രങ്ങളാക്കുകയും പ്രസിദ്ധരാക്കുകയും ചെയ്ത ടോംസ് അങ്കിളിനോടുള്ള കടപ്പാട് അവർക്ക് മറക്കാൻ കഴിയില്ല. 'അങ്കിൾ അസുഖക്കിടക്കയിൽ ആയപ്പോഴെല്ലാം ഇടക്കിടെ സന്ദർശിക്കാറുണ്ടായിരുന്നു. കഴിഞ്ഞ ആഴ്ചയും പോയിരുന്നു' -ബോബൻ എന്ന അലക്സ് പറയുന്നു. അതിനൊപ്പം അദ്ദേഹം ഉന്നയിക്കുന്ന മറ്റൊരു കാര്യവുമുണ്ട്. ഇത്രയും അധികം മലയാളികളെ ചിരിപ്പിച്ച ടോംസ് എന്ന കാർട്ടൂണിസ്റ്റിന് കേരള സർക്കാർ അർഹമായ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന്. അലക്സ് എന്ന ബോബൻെറ സംശയം ശരിയാണ്. മരിച്ചശേഷമുള്ള ആദരവിനെക്കാൾ ജീവിച്ചിരിക്കുമ്പോൾ നൽകുന്ന അംഗീകാരത്തിനാണ് നിറവെന്നുള്ളത് വാസ്തവമാണ്.

പക്ഷേ, ടോംസ് എന്ന ജനകീയ കാർട്ടൂണിസ്റ്റിന് മലയാളികളിൽനിന്ന് ശക്തമായ പിന്തുണയും അംഗീകാരവും ലഭിച്ചിട്ടുണ്ട്. മലയാളികളുടെ പ്രിയപ്പെട്ട കാർട്ടൂണിസ്റ്റ് ടോംസ് കാലയവനികയിലേക്ക് മറയുമ്പോൾ വേദനിക്കുന്ന ഒരു ലോകമുണ്ട്. ബോബനും മോളിക്കുമൊപ്പം അപ്പിഹിപ്പിയെയും മാത്തൻ ചേട്ടനെയും ചേട്ടത്തിയെയുമൊക്കെ നെഞ്ചിലേറ്റിയ മലയാള ലോകം. ●




● ബോബൻ എന്ന അലക്സും സഹോദരി മോളിയും ടോംസിനൊപ്പം

കൂട്ടായ്മ

കൈയിൽ മുദ്രാവാക്യങ്ങൾ പോലെ ഉയർത്തിപ്പിടിച്ച പുസ്തകങ്ങളുമായി എഴുത്തുകാരും വായനക്കാരും നടത്തിയ മാർച്ച്



പുസ്തക മാർച്ചിൽ നിന്നൊരു കാഴ്ച

# ലോക പുസ്തകദിനത്തിൽ ബുക് മാർച്ച്

**നടാഷ**

ഇക്കഴിഞ്ഞ ലോക പുസ്തകദിനത്തിൽ വളരെ വ്യത്യസ്തമായൊരു സാംസ്കാരിക കൂട്ടായ്മക്കാണ് തിരുവനന്തപുരം സാക്ഷ്യം വഹിച്ചത്. കൈയിൽ മുദ്രാവാക്യങ്ങൾ പോലെ ഉയർത്തിപ്പിടിച്ച പുസ്തകങ്ങളുമായി എഴുത്തുകാരും വായനക്കാരും തിരുവനന്തപുരത്തെ സ്റ്റ്യാച്യു ജങ്ഷന് സമീപം ഒരുമിച്ചുകൂടി. ഫാഷിസ്റ്റുകൾ പുസ്തകങ്ങളും ലൈബ്രറികളും കത്തിച്ച് ഇല്ലാതാക്കിക്കളയുന്ന കാലത്തുള്ളൊരു സാംസ്കാരിക പ്രതിരോധം കൂടിയായിരുന്നു അത്.

തങ്ങൾക്ക് പ്രിയപ്പെട്ട പുസ്തകങ്ങളുമായാണ് അവർ വന്നത്. വരൂ, വന്നീ തെരുവുകളിലെ പുസ്തകങ്ങൾ കാണൂ... എന്നുതന്നെയാണ് ഒരു ജാഥയായി നടക്കുമ്പോഴും അവർ മൗനമായി പറഞ്ഞത്.

കണ്ണൂരിലെ സാംസ്കാരിക കൂട്ടായ്മയായ ക്രിയേറ്റിവ് സൈക്കിളിൻെറയും തിരുവനന്തപുരത്തെ സാംസ്കാരിക മുഖമായ ബുക്‌വാലയുടെയും നേതൃത്വത്തിലായിരുന്നു 'ബുക് മാർച്ച്' എന്നുപേരിട്ട നവീനമായ ഈ ഒത്തുചേരലും ഒത്തുനടപ്പും ഉണ്ടായത്. ബുക് മാർച്ചിനുശേഷം തങ്ങൾക്കു പ്രിയങ്കരമായ പുസ്തക ഭാഗങ്ങൾ തെരുവിൽനിന്ന് അവർ ഉച്ചത്തിൽ വായിച്ചു. നെരൂദയുടെ ഓർമക്കുറിപ്പുകളും ഗബ്രിയേൽ ഗാർസ്യ മാർകേസിൻെറ നോവൽ ഭാഗവും പി.കെ. പാറക്കടവിൻെറ ഫാഷിസ്റ്റ്-അധിനിവേശ വിരുദ്ധ കഥകളും തെരുവ് കാതോർത്തു കേട്ടു. നിരൂപകൻ സുനിൽ സി.ഇ, എഴുത്തുകാരായ വി.എച്ച്. നിഷാദ്, അമൽ, സാംസ്കാരിക പ്രവർത്തകൻ ടി.പി. ഖാലിദ് എന്നിവർ ബുക് മാർച്ചിനും തുടർന്നുള്ള സംസാരങ്ങൾക്കും നേതൃത്വം നൽകി.

സിനിമാ താരം സോണിയ മൽഹാർ, എഴുത്തുകാരൻ വി.കെ. മണികണ്ഠൻ, താര കിഴക്കേവീട്ടിൽ, വൈശാഖ് കാർത്യായനി, സതീഷ് കിടാരംകുഴി, സ്വാമിനാഥൻ പുറക്കാട്, ഹരിദാസ് ബാലകൃഷ്ണൻ, ഷൈജു അലക്സ്, അനിതാ ശരത്, ഡി. അനിൽകുമാർ, മിനി, എൻ.എം. ഉണ്ണികൃഷ്ണൻ, ദീപാ രുഗ്മിണി, ജോജു ഗോവിന്ദ്, അനുശ്രീ, ശ്രീരാജ് പെരിന്തലേരി തുടങ്ങിയവർ ബുക് മാർച്ചിലും തുടർന്നുള്ള സർഗാത്മക ഇടപെടലിലും പങ്കെടുത്തു. ●

